"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ILGMS സോഫ്റ്റ് വെയറിന്റെ പൈലറ്റ് ഇംപ്ലിമെന്റേഷൻ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ വച്ച് നടത്തുന്നതിനും തുടർന്ന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**G.O.(Rt)No.886/2020/LSGD** തീയതി,തിരുവനന്തപുരം, 14/05/2020

---

പരാമർശം:- 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.01.2020-ലെ IKM/Imple/118/2020(1) നമ്പർ കത്ത്.

2. 29.04.2020-ൽ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

**<u>ഉത്തരവ്</u>**

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ILGMS സോഫ്റ്റ് വെയറിന്റെ പൈലറ്റ് ഇംപ്ലിമെന്റേഷൻ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ വച്ച് നടത്തുന്നതിനും തുടർന്ന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ILGMS സോഫ്റ്റ് വെയറിന്റെ പൈലറ്റ് ഇംപ്ലിമെന്റേഷൻ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ വച്ച് 20/05/2020-ൽ നടത്തുന്നതിനും സമാന്തരമായി മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ILGMS സോഫ്റ്റ് വെയർ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. 2020 ജൂലൈ 31-ന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ILGMS സോഫ്റ്റ് വെയർ വിന്യാസം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്

പ്രസിഡന്റ്, ചെമ്മരുതി ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

സെക്രട്ടറി, ചെമ്മരുതി ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.